©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

## നൂറ്റിപതിനഞ്ചാമത് റിപ്പോർട്ട്

**(18-1-2021-ന് സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

**നൂറ്റിപതിനഞ്ചാമത് റിപ്പോർട്ട്**

**കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ 7 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചത് (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)**

369/2021.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 : | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | .. | 19 |
| അനുബന്ധം - 2 : | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 23 |
| ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അനുബന്ധങ്ങൾ : | | |
| അനുബന്ധം - 8 | .. | 47 |
| അനുബന്ധം - 9 | .. | 48 |
| അനുബന്ധം - 10 | .. | 49 |

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

## (2019-2021)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. സി. ദിവാകരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി(2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ 7 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3-ന്മേൽ തയ്യാറാക്കിയ 115-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ന് സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-2019)-ന്റെ 1-8-2018-ന് ചേർന്ന സമിതിയോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് നികുതി, വ്യവസായം, ധനകാര്യം എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)ന്റെ 23-12-2020-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിന് ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ നികുതി, വ്യവസായം, ധനകാര്യം എന്നീ വകുപ്പുകളിലെയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർക്ക് സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ,

*ചെയർമാൻ,*

*പൊതുമേഖലാ സ്ഥാപനങ്ങളെ*

*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2020 ജനുവരി 23.

# റിപ്പോർട്ട്

## കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ 7 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചത്

ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3 (2014-15)

**പൊതുമേഖലാ സ്ഥാപനങ്ങളുടെ, 1961-ലെ ആദായ നികുതി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കൽ**

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആദായനികുതി നിയമത്തിലെ വ്യവസ്ഥകളുടെ പാലനത്തിന്റെ സൂക്ഷ്മപരിശോധനയിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള കാലതാമസം, മതിയായ മുൻകൂർ നികുതി അടയ്ക്കാതിരുന്നതിന്റെ ഫലമായുണ്ടാകുന്ന പലിശ നൽകൽ തുടങ്ങിയ സംഭവങ്ങൾ വെളിപ്പെട്ടു.

1961-ലെ ആദായ നികുതി നിയമം വകുപ്പ് 28 അനുസരിച്ച് കമ്പനികൾ നടത്തിയ ഏതെങ്കിലും ബിസിനസ്സ് അല്ലെങ്കിൽ പ്രൊഫഷനിൽ നിന്ന് ലഭിക്കുന്ന ലാഭം അല്ലെങ്കിൽ നേട്ടം നികുതിക്ക് വിധേയമായിരിക്കും. ഇത്തരം കമ്പനികൾ നിയമത്തിലെ വകുപ്പ് 139 പ്രകാരം വിലയിരുത്തൽ വർഷം[1] സെപ്റ്റംബർ 30-നുള്ളിൽ വാർഷിക നികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്പാദനം, വ്യാപാരം, പണമിടപാട് മുതലായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ ഇതിൽ നിന്ന് ലഭിക്കുന്ന ലാഭം നികുതിക്ക് വിധേയമായിരിക്കും. ഓഡിറ്റ് നടത്തിയ ആദായ നികുതി

1 സാമ്പത്തിക വർഷത്തിന് ശേഷം വരുന്ന ആദായം വിലയിരുത്തുന്ന വർഷമാണ് വിലയിരുത്തൽ വർഷം.

നിയമത്തിലെ വകുപ്പുകളുടെ പാലനത്തിന്റെ സൂക്ഷ്മപരിശോധനയിൽ എട്ട് [2] പൊതുമേഖലാ സ്ഥാപനങ്ങളിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള കാലതാമസം, മതിയായ മുൻകൂർ നികുതി അടയ്ക്കാതിരുന്നതിന്റെ ഫലമായുണ്ടാകുന്ന പലിശ നൽകൽ എന്നിവ വരുന്ന ഖണ്ഡികകളിൽ പ്രതിപാദിക്കും വിധം വെളിപ്പെട്ടു.

**നികുതി റിട്ടേൺ സമർപ്പിക്കുന്നതിലെ കാലതാമസം കാരണം സംഭവിച്ച ഒഴിവാക്കാമായിരുന്ന പലിശച്ചെലവ്**

നിയമത്തിലെ വകുപ്പ് 139 പ്രകാരം ഒരു കമ്പനി വിലയിരുത്തൽ വർഷം നിശ്ചിത തീയതിക്കുമുമ്പ് അതായത് സെപ്റ്റംബർ 30-നോ അതിനുള്ളിലോ നിർദ്ദേശിച്ചിട്ടുള്ള രൂപത്തിൽ നികുതി റിട്ടേൺ കൊടുക്കേണ്ടതാണ്. നികുതി റിട്ടേൺ അതാതു വർഷങ്ങളിൽ കണക്കുകളുടെ ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം സമർപ്പിക്കേണ്ടതാണ്. വകുപ്പ് 139(6), വകുപ്പ് 140(സി) പ്രകാരം നികുതി റിട്ടേൺ മാനേജിംഗ് ഡയറക്ടർ പരിശോധിക്കേണ്ടതാണ്. നിശ്ചിത തീയതിയിൽ അല്ലെങ്കിൽ മുമ്പ് നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് പരാജയപ്പെടുകയാണെങ്കിൽ, കാലതാമസം വന്ന കാലയളവിൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ നികുതി തുകയ്ക്ക് പലിശ ഈടാക്കുന്നതാണ് (നിയമത്തിലെ വകുപ്പ് 234 എ).

അഞ്ച് [3] പൊതുമേഖലാ സ്ഥാപനങ്ങളുടെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയതിൽ നിന്നും കണക്കുകൾ തയ്യാറാക്കുന്നതിലും ഓഡിറ്റ് ചെയ്യുന്നതിലും ഉള്ള കാലതാമസം കാരണം ഏഴ് വിലയിരുത്തൽ വർഷങ്ങളിലായി നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് ഒരു മാസം മുതൽ പതിനെട്ട് മാസം വരെയുള്ള കാലതാമസം ഉണ്ടായിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. തത്ഫലമായി ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നിയമത്തിലെ വകുപ്പ് 234 എ പ്രകാരം 70.07 ലക്ഷം (അനുബന്ധം 8) പലിശ ഇനത്തിൽ നൽകേണ്ടിവന്നു.

---

2 കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്.

3 ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (2014-2016), കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് (2013-14-ലും 2014-15), കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (2012-13-ലും 2013-14), കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (2014-15), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (2011-12).

വിലയിരുത്തൽ വർഷം 2014-15-ലെ നികുതി റിട്ടേൺ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല എന്ന് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മറുപടി നൽകി.

2014-15-ലെ നികുതി റിട്ടേൺ സമർപ്പിക്കുന്നതിൽ രണ്ട് മാസം കാലതാമസം വന്നതുമൂലം കമ്പനിക്ക് 0.54 ലക്ഷം രൂപ പലിശ അടയ്ക്കേണ്ടിവന്നു എന്നതിനാൽ കമ്പനിയുടെ മറുപടി തെറ്റാണ്.

കെൽട്രോൺ ഇലക്ട്രോ സെറാമിക്സും അതിന്റെ ഭരണ വകുപ്പും[4] നികുതി അടയ്ക്കുന്നതിലെ നിസ്സഹായാവസ്ഥ കാരണം യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യാൻ കഴിഞ്ഞില്ല എന്ന് മറുപടി നൽകി.

മറുപടി സ്വീകാര്യമല്ല എന്തെന്നാൽ ആദായ നികുതി നിർബന്ധമായും അടയ്ക്കേണ്ടതാണ്, ഫണ്ടിന്റെ ലഭ്യത ആശ്രയിച്ച് അടയ്ക്കേണ്ടതായിരുന്നില്ല.

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ നൈപുണ്യവും പരിശീലനവും ലഭിച്ച ജീവനക്കാരുടെ കുറവുമൂലം നിശ്ചിത തീയതിക്ക് മുമ്പ് നികുതി റിട്ടേൺ ഫയൽ ചെയ്യാൻ കഴിഞ്ഞില്ല എന്ന് മറുപടി നൽകി. ഈ മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകൾ[5] ഈ മറുപടി ശരിവച്ചു.

മറുപടികൾ സ്വീകാര്യമല്ല എന്തെന്നാൽ കമ്പനികൾക്ക് നികുതി റിട്ടേൺ ഫയൽ ചെയ്യാൻ നൈപുണ്യവും പരിശീലനവും ലഭിച്ച ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാമായിരുന്നു.

**ടാക്സ് റിട്ടേൺ ഓഫ് ലോസ് സമർപ്പിക്കുന്നതിൽ കാലതാമസം വന്നതുമൂലം ഉണ്ടായ ഒഴിവാക്കാമായിരുന്ന നികുതിച്ചെലവ്.**

നിയമത്തിലെ വകുപ്പ് 72 പ്രകാരം ശീർഷകം "ബിസിനസ് അല്ലെങ്കിൽ പ്രൊഫഷനിൽ നിന്നുള്ള ലാഭം/നേട്ടം" കീഴിലുള്ള നഷ്ടം മുന്നിലുള്ള എട്ട് വർഷം വരെ

4 വ്യവസായ വകുപ്പ്.

5 കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ ഭരണ വകുപ്പുകൾ യഥാക്രമം ഗതാഗതം, മത്സ്യമേഖല, വ്യവസായം എന്നിവയാണ്.

കൊണ്ടു പോയി[6] ഭാവിയിലുണ്ടാവുന്ന ലാഭത്തിൽ കിഴിക്കാവുന്നതാണ്. നഷ്ടം ഉണ്ടായ വർഷം റിട്ടേൺ ഓഫ് ലോസ് നിശ്ചിത തീയതിക്കോ അതിനു മുമ്പോ സമർപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അത്തരം കിഴിക്കലുകൾ അനുവദിക്കുകയുള്ളൂ (നിയമത്തിലെ വകുപ്പ് 80).

കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.എം.ഡി.സി.എൽ.) 2004-05 മുതൽ 2007-08 കാലയളവിൽ 9.38 കോടി സഞ്ചിത നഷ്ടം ഉണ്ടായി. ഇത് 2015-16 വരെ കമ്പനിക്ക് ഉണ്ടായ ലാഭത്തിൽ നിന്ന് തട്ടിക്കിഴിക്കാൻ യോഗ്യമായിരുന്നു. കെ.എസ്.എം.ഡി.സി. അതേസമയം, അക്കൗണ്ട്സ് തയ്യാറാക്കുന്നതിലും ഓഡിറ്റ് ചെയ്യുന്നതിലും വന്ന കാലതാമസംമൂലം നിശ്ചിത തീയതിക്കകം 2004-05 മുതൽ 2007-08 വരെയുള്ള നികുതി റിട്ടേൺ ഫയൽ ചെയ്തിരുന്നില്ല.

ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കെ.എസ്.എം.ഡി.സി.എൽ. 2012-13, 2013-14 വർഷങ്ങളിൽ 1.43 കോടി[7] രൂപ ലാഭം ഉണ്ടാക്കിയതായി കണ്ടു. ഇത് 2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ കമ്പനിക്ക് ഉണ്ടായ 9.38 കോടി രൂപയുടെ നഷ്ടത്തിന് നേരെ കിഴിക്കാമായിരുന്നു. 2004-05 മുതൽ 2007-08 വരെയുള്ള നികുതി റിട്ടേൺ കമ്പനി നിശ്ചിത തീയതിക്ക് മുമ്പ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ കിഴിക്കാനുള്ള അവസരം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ഒപ്പം ഒഴിവാക്കാമായിരുന്ന നികുതി 38.22 ലക്ഷം[8] രൂപ അടയ്ക്കേണ്ടിയും വന്നു.

അക്കൗണ്ട്സ് തയ്യാറാക്കുന്നതിൽ വന്ന കാലതാമസം കാരണമാണ് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യാൻ കഴിയാതിരുന്നത് എന്ന് കമ്പനി മറുപടി നൽകി (സെപ്റ്റംബർ 2015).

മറുപടി സ്വീകാര്യമല്ല എന്തെന്നാൽ കെ.എസ്.എം.ഡി.സി.എൽ.-ന് നിയമത്തിന്റെ വകുപ്പ് 44 പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഉണ്ടെങ്കിൽ നികുതി ഓഡിറ്റിന് വേണ്ടി ഓഡിറ്റർമാരെ നിയോഗിക്കാൻ അവസരം ഉണ്ടായിരുന്നു.

---

6 നിയമത്തിലുള്ള 72-ാം വകുപ്പ് പ്രകാരം, ബിസിനസ്സിലോ പ്രൊഫഷനിലോ സംഭവിക്കുന്ന (ഊഹക്കച്ചവടമല്ലാതെ) നഷ്ടം മുഴുവനായും നഷ്ടം സംഭവിച്ച വർഷം തീർക്കാൻ പറ്റിയില്ലെങ്കിൽ തീർക്കാൻ പറ്റാത്ത വർഷത്തെ നഷ്ടം പിന്നീടുള്ള വർഷങ്ങളിലെ ബിസിനസ്സ്/പ്രൊഫഷനിലുള്ള ലാഭത്തിനെതിരെയോ നേട്ടത്തിനെതിരെയോ തീർക്കാവുന്നതാണ്.

7 1.33 കോടി രൂപ 2013-14-ലിലും 0.10 കോടി രൂപ 2012-13-ലും.

8 നിയമത്തിലെ 234 എ, 234 ബി, 234 സി വകുപ്പ് പ്രകാരം അടച്ച 4.74 ലക്ഷം രൂപ ഉൾപ്പെടെ.

**മുൻകൂർ നികുതി അടയ്ക്കുന്നതിലുണ്ടായ വീഴ്ചയോ പരാജയമോ കാരണം ഉണ്ടായ ഒഴിവാക്കാമായിരുന്ന പലിശ**

നിയമത്തിന്റെ 208-ാം വകുപ്പ് ഏർപ്പെടുത്തുന്ന വ്യവസ്ഥ പ്രകാരം എല്ലാ കമ്പനികളും നികുതി തുക 10,000 രൂപയിൽ കൂടുകയാണെങ്കിൽ സാമ്പത്തിക വർഷത്തിൽ മുൻകൂറായി നികുതി അടയ്ക്കേണ്ടതാണ്. മാർച്ച് മാസം ആകുമ്പോഴേക്കും നികുതിയുടെ, കുറഞ്ഞത് 90 ശതമാനമെങ്കിലും മുൻകൂർ നികുതിയായി അടയ്ക്കുന്നതിലുള്ള പരാജയം മാസത്തേക്കോ മാസത്തിന്റെ ഭാഗത്തിലേക്കോ ഒരു ശതമാനം തോതിൽ പലിശ നൽകലിനു കാരണമാവും (നിയമത്തിന്റെ 234 ബി വകുപ്പ്).

ഏഴ് പൊതുമേഖലാ സ്ഥാപനങ്ങൾ 14 വിലയിരുത്തൽ വർഷങ്ങളിലേക്ക് 1.06 ശതമാനം മുതൽ 76.58 ശതമാനം വരെ മാത്രം നിർദ്ദിഷ്ട തീയതിക്കുള്ളിൽ മുൻകൂർ നികുതി അടച്ചതിനാലും ഒരു പൊതുമേഖലാ സ്ഥാപനം[9] മുൻകൂർ നികുതി അടച്ചിട്ടില്ലാത്തതിനാലും മുൻകൂർ നികുതി അടവിൽ കുറവുണ്ടെന്ന് രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ വെളിപ്പെട്ടു. തൽഫലമായി ഈ എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ₹ 15.98 കോടി നികുതിയിനത്തിൽ 234 ബി വകുപ്പ് പ്രകാരം അനുബന്ധം 9-ൽ വിവരിച്ചപോലെ അടയ്ക്കേണ്ടതായി വന്നു.

ആവശ്യപ്പെട്ട മുൻകൂർ നികുതി അടയ്ക്കുന്നതിലുള്ള വീഴ്ചയ്ക്കു കാരണം അവസാന വിലയിരുത്തൽ, അവസാന റിട്ടേൺ, പിടിച്ച നികുതി തുടങ്ങിയവ പരിഗണിച്ച് മുൻകൂർ നികുതി നിർണ്ണയിക്കണമെന്നുള്ള നിയമത്തിലെ വ്യവസ്ഥ പാലിക്കാത്തതായിരുന്നു.

**മുൻകൂർ നികുതിയുടെ ത്രൈമാസ തവണകൾ അടയ്ക്കാത്തത് കാരണം ഉണ്ടായ ഒഴിവാക്കപ്പെടാമായിരുന്ന പലിശ**

മുൻകൂർ നികുതി തവണകളായി അടയ്ക്കണമെന്ന് നിയമത്തിന്റെ 211-ാം വകുപ്പ് നിർദ്ദേശിക്കുന്നു. കമ്പനികൾ അതാത് സാമ്പത്തിക വർഷത്തിൽ ജൂണിനും മാർച്ചിനും ഇടയിൽ നാല് തവണകളായി[10] മുൻകൂർ നികുതി അടയ്ക്കേണ്ടതാണ്. ഏതെങ്കിലും തവണകൾ അടച്ചില്ലെങ്കിലോ കുറച്ച് അടച്ചാലോ ആ തവണ അടയ്ക്കാത്തത് കൊണ്ടോ അടയ്ക്കുന്നതിലെ കാലതാമസം കൊണ്ടോ പലിശ ചുമത്തപ്പെടാവുന്നതാണ്[11]. നിർദ്ദേശിക്കപ്പെട്ട തീയതിക്കോ അതിനു മുമ്പോ ആവശ്യമായ മുൻകൂർ നികുതിയുടെ നാല്

---

9 കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ

10 ജൂൺ മാസം 15-ാം തീയതിക്കുള്ളിൽ 15 ശതമാനം, സെപ്റ്റംബർ മാസം 15-ാം തീയതിക്കുള്ളിൽ 45 ശതമാനം, ഡിസംബർ മാസം 15-ാം തീയതിക്കുള്ളിൽ 75 ശതമാനം, മാർച്ച് മാസം 15-ാം തീയതിക്കുള്ളിൽ 100 ശതമാനം.

11 ഒരു മാസത്തിന് ഒരു ശതമാനം എന്ന നിരക്കിൽ (നിയമത്തിന്റെ 234 സി വകുപ്പ് പ്രകാരം)

തവണകൾ കമ്പനികൾ അടയ്ക്കാത്ത 17 സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മുൻകൂർ നികുതിയുടെ മാറ്റിവയ്ക്കൽ കൊണ്ട് ഉണ്ടായ പലിശ നൽകൽ ₹ 6.49 കോടി ആയി അനുബന്ധം 10-ൽ ഉള്ള പോലെ കണക്കാക്കി.

മുൻകൂർ നികുതി അടയ്ക്കുന്നതിലുണ്ടായ കുറവ് ആ സമയത്ത് ശാഖകളിൽ നിന്നും വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടാണെന്നും ഇത് എല്ലാ ശാഖകളും ബന്ധിപ്പിച്ച് കൊണ്ട് കോർ സൊല്യൂഷൻ സോഫ്റ്റ്വെയർ നടപ്പിൽ വരുത്തുന്നത് കൊണ്ട് പരിഹരിക്കാൻ സാധിക്കും എന്നും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രസ്താവിച്ചു (ആഗസ്റ്റ് 2015).

സമാനമായ പ്രശ്നം ശ്രദ്ധയിൽ കൊണ്ട് വന്നപ്പോൾ ഇതേ ഉറപ്പ് ജൂൺ 2012-ൽ തന്നതിനാലും ആ ഉറപ്പ് കമ്പനി പാലിക്കാത്തതുകൊണ്ടും ഈ മറുപടി സ്വീകാര്യമല്ല.

നികുതി വകുപ്പിൽ നിന്നും തിരിച്ച് കിട്ടുവാനുള്ള പണത്തിന്റെ അവകാശവാദം തീരുമാനിക്കപ്പെടാനുള്ളത് കൊണ്ടാണ് മുൻകൂർ നികുതി അടയ്ക്കാത്തത് എന്ന് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രസ്താവിച്ചു. എന്നിരുന്നാലും നികുതി വകുപ്പ് ഈ തിരിച്ചടവിനുള്ള അവകാശവാദം ഇതുവരെ (സെപ്റ്റംബർ 2015) അംഗീകരിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

പോർട്ട് ഡെവലപ്മെന്റിന് വേണ്ടി നിർവ്വഹിച്ച പദ്ധതിയിലെ നഷ്ടം തെറ്റായി കണക്കാക്കിയതുകൊണ്ടാണ് വകുപ്പ് 234 ബി-യും 234 സി-യും പ്രകാരം നികുതി അടയ്ക്കേണ്ടി വന്നതെന്ന് കെ.എസ്.എം.ഡി.സി.എൽ. പ്രസ്താവിച്ചു.

ഈ മറുപടി സ്വീകാര്യമല്ല എന്തെന്നാൽ കണക്കാക്കലിലുള്ള തെറ്റ് ₹ 4.12 ലക്ഷത്തിന്റെ ഒഴിവാക്കപ്പെടാമായിരുന്ന ചെലവിനു കാരണമായി.

മാസം തോറുമുള്ള വിൽപ്പനയിലെ വ്യാപകമായ വ്യതിയാനങ്ങൾ കാരണം നികുതി ബാധ്യത കൃത്യമായി കണക്കാക്കാൻ കഴിഞ്ഞില്ലെന്നും അതുകൊണ്ട് 234 ബി-യും 234 സി-യും വകുപ്പുകൾ പ്രകാരമുള്ള പലിശ ഒഴിവാക്കാൻ കഴിഞ്ഞില്ലെന്നും കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ പ്രസ്താവിച്ചു.

കമ്പനിക്ക് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് നികുതി ബാധ്യത ഏകദേശമായി കണക്കാക്കി ആവശ്യമുള്ള മുൻകൂർ നികുതി അടയ്ക്കാൻ കഴിയുമായിരുന്നതിനാലും അതുവഴി 234 ബി-യും 234 സി-യും വകുപ്പുകൾ പ്രകാരമുള്ള പലിശ ഒഴിവാക്കാമായിരുന്നതിനാലും ഈ മറുപടി സ്വീകാര്യമല്ല.

സർക്കാരിന്റെ കടത്തിന് മുകളിൽ പലിശയുടെ കൂട്ടിച്ചേർക്കപ്പെട്ട എഴുതിത്തള്ളൽ കമ്പനിയുടെ ധനാഗമനമില്ലാത്ത കണക്കിലുള്ള ഒരു മാറ്റം വരുത്തൽ മാത്രമാണെന്നും ഇത്

നികുതി ആത്യന്തികമായി അടയ്ക്കുന്നതിന് കാരണമായെന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് മറുപടി നൽകി. നികുതി അടയ്ക്കാത്തതുകൊണ്ട് ഉണ്ടായ പലിശ അടവ് പണ വായ്പയുടെ മുകളിൽ ഉള്ള പലിശയുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ അല്ലെന്നും കമ്പനി മറുപടി നൽകി.

നികുതി അടവ് നിർബന്ധിതമായതിനാലും നികുതി അടയ്ക്കുന്ന സമയത്ത് പലിശയുടെ എഴുതിത്തള്ളൽ കമ്പനിക്ക് പരിഗണിക്കാവുന്നത് കൊണ്ടും ഈ മറുപടി സ്വീകാര്യമല്ല.

**സ്രോതസ്സിൽ നികുതി പിടിക്കുന്നതിലെ പരാജയം കാരണം ഉണ്ടായ ഒഴിവാക്കപ്പെടാമായിരുന്ന നികുതി**

നിയമത്തിന്റെ വകുപ്പ് 194 സി പ്രകാരം കമ്പനികൾ കരാർ അടിസ്ഥാനത്തിൽ ഏതെങ്കിലും ജോലി നടത്തിയതിന് കരാറുകാരന് പണം കൊടുക്കുമ്പോൾ 2 ശതമാനം നികുതി കുറയ്ക്കേണ്ടതാണ്. ഇത്തരത്തിൽ കുറയ്ക്കുന്ന നികുതി കുറയ്ക്കുന്ന മാസത്തിന്റെ അവസാനത്തിൽ നിന്നും ഏഴാം ദിവസമോ അതിനുള്ളിലോ മാർച്ചിൽ ആണ് അടവിൽ കുറയ്ക്കുന്നത് എങ്കിൽ ഏപ്രിൽ 30-ന് മുമ്പും (ആദായ നികുതി ചട്ടത്തിലെ 30-ാം ചട്ടം) സർക്കാരിലേയ്ക്ക് മുതൽ ചേർക്കേണ്ടതാണ്. ഈ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ കരാർ ജോലിക്ക് ഉണ്ടായ ചെലവ് നിയമത്തിന്റെ 40 (എ) (ഐ.എ.) വകുപ്പുകൾ പ്രകാരം ബിസിനസ്സ് അല്ലെങ്കിൽ പ്രൊഫഷനിൽ നിന്നുള്ള ലാഭമോ നേട്ടമോ കണക്കാക്കുമ്പോൾ അനുവദിക്കപ്പെടില്ല.

കരാറുകാരന് 2010-11-ൽ കൊടുത്ത ₹ 3.13 കോടിയിൽ നിന്ന് നികുതി കുറയ്ക്കാനും അത് അടയ്ക്കാനും കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വീഴ്ച വരുത്തിയെന്നും ആ ചെലവ് ലാഭം കണക്കാക്കുമ്പോൾ അനുവദിക്കപ്പെട്ടില്ലെന്നും ശ്രദ്ധിക്കപ്പെട്ടു. ഇത് കാരണം കമ്പനി ₹ 1.02 കോടിയുടെ ഒഴിവാക്കപ്പെടാമായിരുന്ന നികുതി ബാധ്യത ഉണ്ടാക്കി.

നിർദ്ദിഷ്ട കാലാവധിക്കോ അതിനുള്ളിലോ അടയ്ക്കേണ്ട, സ്രോതസ്സിൽ നിന്ന് പിടിച്ച നികുതി കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നേടിയതോ അനുഭവജ്ഞാനമുള്ളവരോ ആയ ഉദ്യോഗസ്ഥരുടെ അഭാവവും ധനത്തിന്റെ തീവ്രമായ കുറവും കൊണ്ടുണ്ടായ നികുതി ബാധ്യത നേരിടുന്നതിനുള്ള കഴിവില്ലായ്മയാണ് പ്രശ്നം സംഭവിക്കാൻ കാരണമെന്ന് കമ്പനി മറുപടി നൽകി.

മറുപടി സ്വീകാര്യമല്ല, എന്തെന്നാൽ നികുതി അടവ് നിർബന്ധിതവും ധനലഭ്യതയിൽ ആശ്രയിക്കാൻ പാടില്ലാത്തതുമാണ്. കൂടാതെ കമ്പനിക്ക് സ്രോതസ്സിൽ പിടിക്കുന്ന നികുതി കൈകാര്യം ചെയ്യാൻ യോഗ്യത നേടിയതോ അനുഭവസമ്പത്തുള്ളവരോ ആയ ഉദ്യോഗസ്ഥരെ നിയമിക്കുവാനും കഴിയുമായിരുന്നു.

ഈ കാര്യം ഒക്ടോബർ 2015-ന് സർക്കാരിനെ അറിയിച്ചു. നാല് [12] പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

ബന്ധപ്പെട്ട ഭരണവകുപ്പുകളെ കാര്യം ചർച്ച ചെയ്യാൻ ക്ഷണിച്ചെങ്കിലും (ഒക്ടോബർ 2015) അവർ പ്രതികരണം നൽകിയില്ല.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് നമ്പർ 3-ലെ ഓഡിറ്റ് ഖണ്ഡിക 3.3-മായി ബന്ധപ്പെട്ടത്).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്</u>

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ലാഭം മുൻകൂട്ടി നിശ്ചയിക്കാൻ പറ്റാത്തതിനാൽ ഓരോ സാമ്പത്തിക വർഷാദ്യവും കൃത്യമായ മുൻകൂർ ആദായനികുതി കണക്കാക്കി അടയ്ക്കുന്നതിന് സാധിക്കില്ല എന്ന സ്ഥാപനത്തിന്റെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ബുദ്ധിമുട്ടുകളെ മറികടന്ന് ആദായനികുതി നിയമങ്ങൾ പാലിക്കേണ്ട ബാധ്യത കോർപ്പറേഷനുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ബിവറേജസ് കോർപ്പറേഷൻ നടത്തുന്ന കച്ചവടത്തിന്റെ തോതിന്റെ അടിസ്ഥാനത്തിൽ ആദായനികുതി നിർണ്ണയം നടത്തുമ്പോൾ 0.05% ഏറ്റക്കുറച്ചിൽ മാത്രമേ വരികയുള്ളൂവെന്ന് ഹാജരായ ഉദ്യോഗസ്ഥൻ അറിയിച്ചു.

കമ്പനി ആദായനികുതി നിയമങ്ങൾ പാലിക്കുന്നില്ല എന്ന് സമിതി കുറ്റപ്പെടുത്തി. കമ്പനിയുടെ ലാഭം കണക്കാക്കുന്നതിനായി പ്രാവീണ്യമുള്ളവരെ നിയമിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ടാക്സ് റിട്ടേൺ ഫയൽ ചെയ്യേണ്ടത് അക്കൗണ്ട്സ് വിംഗിന്റെ ചുമതലയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. അക്കൗണ്ട്സ് സെക്ഷനിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ലെന്നും കണക്കുകൾ മാന്വലായാണ് ചെയ്യുന്നതെന്നും ഔട്ട്ലെറ്റുകളിൽ നിന്നു വിവരങ്ങൾ യഥാസമയം ലഭ്യമാകാറില്ലെന്നും, ഉത്സവകാലങ്ങളിൽ വിൽപ്പന വർദ്ധിക്കുന്നതിനാൽ കൃത്യമായ വരുമാനം കണക്കാക്കാൻ കഴിയില്ലെന്നും, ആയതിനാൽ ശരിയായ നികുതി ബാധ്യത കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടാണെന്നും, കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി അടുത്ത വർഷം മുതൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതാണെന്നും ഹാജരായ ഉദ്യോഗസ്ഥർ ബോധിപ്പിക്കുകയുണ്ടായി.

---

12 കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്.

ഇൻകംടാക്സ് ആക്ട് സെക്ഷൻ 234B, 234C എന്നിവ പ്രകാരം 2013-14, 2014-15 കാലയളവുകളിൽ പലിശ അടച്ചിട്ടുള്ളതായും പിഴപ്പലിശ അടയ്ക്കാനുണ്ടായിരുന്നതായും ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. യഥാസമയം നികുതി അടച്ചിരുന്നെങ്കിൽ പിഴപ്പലിശ ഒഴിവാക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകുന്നതോടുകൂടി കൃത്യമായി നികുതി അടയ്ക്കാൻ സാധിക്കുമെന്ന് ഹാജരായ ഉദ്യോഗസ്ഥർ മറുപടി നൽകി.

നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ ലാഭം എത്രയാണെന്ന് സമിതി ആരാഞ്ഞു. വാർഷിക ലാഭം ഏകദേശം 70 കോടി രൂപയാണെന്നും, വിറ്റുവരവ് വർദ്ധിച്ചാലും വില്പനനികുതി നിരക്ക് കൂട്ടിയതുകൊണ്ട് സർചാർജ്ജ് കോർപ്പറേഷനാണ് നൽകുന്നതെന്നും മദ്യത്തിന്റെ വിലയിൽ നിന്ന് അത് ഈടാക്കുന്നത് വരുമാനത്തെ ബാധിക്കുമെന്നും ഹാജരായ ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

കോർപ്പറേഷൻ അടയ്ക്കുന്ന കേന്ദ്ര-സംസ്ഥാന നികുതികൾ സർക്കാരിന് വരുമാനമാണെന്നും, വിറ്റുവരവ് കൂടുമ്പോഴും കോർപ്പറേഷൻ വിൽക്കുന്ന മദ്യത്തിന്റെ അളവ് ഒന്നു തന്നെയാണെന്നും, മദ്യ കമ്പനികൾ വില വർദ്ധിപ്പിക്കുന്നതനുസരിച്ച് കോർപ്പറേഷനും വില വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

കോർപ്പറേഷൻ മദ്യം വാങ്ങുന്ന വിലയിലും നികുതിയിലും വർദ്ധനവുണ്ടാകുമ്പോഴാണ് മദ്യവില വർദ്ധിപ്പിക്കുന്നതെന്നും ആയത് സർക്കാർ നയത്തിനനുസൃതമാണെന്നും ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. വിലവർദ്ധനവ് സ്ഥാപനത്തിന്റെ ലാഭത്തിൽ തട്ടിക്കിഴിക്കുന്നതിനു പകരം ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കുന്നതിനെ സമിതി വിമർശിച്ചു.

ഭാവിയിൽ ആദായനികുതി കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരാതെ ശ്രദ്ധിക്കണമെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും, കോർപ്പറേഷൻ നേരിട്ട് ഡിസ്റ്റിലറി യൂണിറ്റുകൾ തുടങ്ങുന്നതിനും, നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്</u>

നികുതിയടവിൽ വരുത്തിയ കാലവിളംബം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എ.ജി.യുടെ പ്രസ്തുത ഓഡിറ്റ് പരാമർശം വസ്തുതാപരമായി ശരിയല്ലെന്നും, 30-9-2014-നകം അടയ്ക്കേണ്ട നികുതിയ്ക്ക് കേന്ദ്ര സർക്കാർ 30-11-2014 വരെ സമയം

അനുവദിച്ചിരുന്നുവെന്നും, 29-11-2014-ൽ റിട്ടേൺ ഫയൽ ചെയ്തത് പിഴ സഹിതമാണ് എന്നും ഹാജരായ ഉദ്യോഗസ്ഥൻ അറിയിച്ചു. രണ്ട് മാസം കാലതാമസം വരുത്തിയതിന് ഏകദേശം 52,000 രൂപ കോർപ്പറേഷൻ പിഴയായി അടയ്ക്കേണ്ടി വന്നു എന്ന് സീനിയർ ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

ഓൺലൈനായി നികുതി അടയ്ക്കുമ്പോൾ പലിശ സഹിതം മാത്രമേ അടയ്ക്കാൻ സാധിക്കുകയുള്ളൂ എന്ന് ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു. സർക്കാർ തന്നെ നികുതി അടയ്ക്കാൻ രണ്ട് മാസം കൂടി അനുവദിച്ച സാഹചര്യത്തിൽ പലിശ അടയ്ക്കേണ്ട ആവശ്യമില്ലായിരുന്നുവെന്നും പലിശ ഈടാക്കിയത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. അധികമായി അടച്ച തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. എന്നാൽ പലിശയിനത്തിൽ 54,000 രൂപ അടച്ചത് തിരികെക്കിട്ടാൻ ട്രൈബ്യൂണലിനെ സമീപിച്ചാൽ നിലവിലെ സാഹചര്യത്തിൽ ഒരു ലക്ഷം രൂപയോളം ചെലവാക്കേണ്ടിവരുമെന്ന കാര്യം സമിതിയിൽ ചൂണ്ടിക്കാട്ടപ്പെടുകയുണ്ടായി. അധികമായി അടച്ച തുക തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വിനോദസഞ്ചാര വകുപ്പ് ആദായനികുതി വകുപ്പിന് കത്തയയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്</u>

ഓഡിറ്റ് ഖണ്ഡിക 3.3.-മായി ബന്ധപ്പെട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിശോധിച്ച അവസരത്തിൽ നികുതി നിയമങ്ങൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്നും, ഇൻകംടാക്സ് ആക്ട് അനുസരിച്ച് ഓരോ സ്ഥാപനവും അക്കൗണ്ട്സ് ഫൈനലൈസ് ചെയ്ത് ത്രൈമാസ സ്റ്റേറ്റ്മെന്റ് കൊടുക്കുകയും, യഥാസമയം നികുതി അടയ്ക്കുകയും വേണമെന്നും, നികുതി അടയ്ക്കാത്തതുമൂലം പലിശയിനത്തിൽ സപ്ലൈകോ വൻതുക അടച്ചിട്ടുണ്ടെന്നും, ആയത് അക്കൗണ്ട്സ് വിഭാഗത്തിന്റെ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

31-3-2005-ൽ കോർപ്പറേഷൻ അടയ്ക്കാനുണ്ടായിരുന്ന വായ്പയുടെ പലിശയിനത്തിൽ 532 കോടി രൂപ സർക്കാർ എഴുതിത്തള്ളിയതുകൊണ്ടാണ് ആ വർഷം ലാഭമുണ്ടായതെന്നും, പ്രസ്തുത ഉത്തരവ് 2009 നവംബറിലാണ് പുറപ്പെടുവിച്ചതെന്നും, ത്രൈമാസ ഗഡു അടയ്ക്കേണ്ടത് ജൂൺ, സെപ്റ്റംബർ, ഡിസംബർ, മാർച്ച് മാസങ്ങളിലാണെന്നും, ഇങ്ങനെയൊരു ഇളവിന്റെ കാര്യമറിയുന്നത് ആദ്യ രണ്ട് പാദം കഴിഞ്ഞാണെന്നും 25 വർഷത്തെ പലിശയുടെ കാര്യമായതിനാൽ നികുതിയിനത്തിലുള്ള തുക കണക്കാക്കുന്നതിന് സമയം ആവശ്യമാണെന്നും ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു.

ഓരോ മൂന്ന് മാസം കൂടുമ്പോഴും ആദായനികുതി സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ടത് സ്ഥാപനത്തിലെ അക്കൗണ്ട്സ് വിഭാഗത്തിന്റെ ചുമതലയാണെന്ന് സമിതി ഓർമ്മിപ്പിച്ചു. കമ്പനി നികുതി സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത സമയത്ത് ആയതിന്റെ ആവശ്യമില്ലായിരുന്നുവെന്നും, ഓരോ പാദത്തിലുമുള്ള നികുതി അടച്ചാൽ മതിയായിരുന്നുവെന്നും നികുതി കുടിശ്ശിക വന്നിട്ടുള്ളതിന്റെ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ മറുപടി നൽകി.

ആദായ നികുതിയുടെ ത്രൈമാസ അടവ് നടത്തണമെന്ന് ആക്ട് നിഷ്കർഷിക്കുന്നുണ്ടെന്നും, ആയതു സംബന്ധിച്ച മറുപടി തൃപ്തികരമല്ലെന്നും, എ.ജി. യുടെ നിരീക്ഷണം ശരിയാണെന്നും സമിതി വിലയിരുത്തി. കോർപ്പറേഷന്റെ ഫിനാൻസ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നതെന്നും കോർപ്പറേഷൻ മുൻകൂർ നികുതി ഒടുക്കിയതിൽ വന്ന കുറവുമൂലം അടച്ച ₹ 560.39 ലക്ഷവും അതുപോലെ പലിശയിനത്തിൽ അടയ്ക്കേണ്ടിവന്ന ₹ 74.22 ലക്ഷവും ഫിനാൻസ് മാനേജരിൽ നിന്നും ഈടാക്കേണ്ടതായിരുന്നു എന്നും സമിതി അഭിപ്രായപ്പെട്ടു. കോർപ്പറേഷനിൽ ഒരു അക്കൗണ്ട്സ് സിസ്റ്റമില്ലെന്ന് സമിതി നിരീക്ഷിച്ചു. സമിതിയ്ക്ക് നൽകിയ മറുപടി വ്യക്തമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

11-6-2012-ലെ ഉത്തരവ് പ്രകാരം അസെസ്സിംഗ് ഓഫീസർ ₹ 10,21,94,710 ആദായ നികുതിയിനത്തിൽ അടയ്ക്കുന്നതിന് ആവശ്യപ്പെട്ടത് കമ്പനി തിരുത്തൽ രേഖ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5.67 കോടി രൂപയായി കുറച്ചതായും, ആയത് 31-3-2012-ന് അടച്ചതായുമുള്ള പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞു. പ്രസ്തുത തുക അടച്ചിട്ടുള്ളതായി സീനിയർ ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

സർക്കാർ 532 കോടി രൂപ എഴുതിത്തള്ളിയതുകൊണ്ട് ലാഭം കണക്കാക്കാൻ കമ്പനിക്ക് സാധിക്കുന്നില്ലെന്ന മറുപടിയെ സമിതി വിമർശിച്ചു. 25 വർഷത്തെ പലിശ ഒരു വർഷം റിവൈസ് ചെയ്തപ്പോൾ നികുതി കണക്കാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടു എന്നും കോർപ്പറേഷന് നികുതി വിധേയമായ ലാഭമുണ്ടായ വർഷങ്ങൾ കണ്ടെത്തി അതിന്റെ നികുതിയാണ് അടച്ചിട്ടുള്ളതെന്നും 25 വർഷത്തെ നികുതി കണക്കാക്കേണ്ടി വന്നതിനാലാണ് മാർച്ച് മാസം നികുതി അടയ്ക്കാൻ സാധിക്കാതിരുന്നതെന്നും ഹാജരായ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്തതിനാലും ത്രൈമാസ അടവ് നടത്താത്തതിനാലുമാണ് പിഴ അടയ്ക്കേണ്ടി വന്നതെന്നും, ആയത് അംഗീകരിക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത് ഒരു നിയമവിഷയം

ആയതിനാൽ 532 കോടി രൂപയിൽ ഓരോ വർഷവും എത്ര രൂപ ലാഭമായി കണക്കാക്കണമെന്നത് സംബന്ധിച്ച് വ്യക്തതയില്ലായിരുന്നു എന്ന് ഹാജരായ ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചു.

ഓരോ വർഷവും ബാലൻസ് ഷീറ്റും പ്രോഫിറ്റ് & ലോസ് അക്കൗണ്ടും തയ്യാറാക്കുന്ന സ്ഥാപനം എന്ന നിലയിൽ കമ്പനിയിലെ മൊത്തവായ്പാ തുകയും ടേൺ ഓവറും അറിയാൻ സാധിക്കുമെന്നും, യഥാസമയം ടാക്സ് റിട്ടേൺ സമർപ്പിക്കാത്തതുകൊണ്ടാണ് പിഴയടയ്ക്കേണ്ടി വന്നതെന്നും ആയത് ആവർത്തിക്കാൻ പാടില്ലെന്നും സമിതി നിർദ്ദേശിച്ചു.

ഭക്ഷ്യ വകുപ്പ് ലഭ്യമാക്കിയ മറുപടി വകുപ്പിന് തന്നെ എതിരാണെന്നും, സർക്കാരും കമ്പനിയും തമ്മിലുള്ള ഇടപാടുകൾ യഥാവിധി കൈകാര്യം ചെയ്യണമെന്നും, നികുതി അടച്ചില്ലെങ്കിൽ ആയത് പിഴപ്പലിശ സഹിതം അടച്ചുകൊള്ളാമെന്നും ഭാവിയിൽ ഇത് ആവർത്തിക്കില്ലെന്നുമാണ് മറുപടി നൽകേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇൻകംടാക്സ് ആക്ട് നടപ്പാക്കുന്നുണ്ടോ എന്നതാണ് പ്രശ്നമെന്നും ഇവിടെ നിയമം ലംഘിക്കപ്പെട്ടിരിക്കുകയാണെന്നും, ഇത്തരത്തിലുള്ള നിയമലംഘനം മേലിൽ ആവർത്തിക്കരുതെന്നും സമിതി താക്കീത് നൽകി.

<u>കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്</u>

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം വരുത്തിയതിന്റെ കാരണം സമിതി ആരാഞ്ഞു. സോഫ്റ്റ്‌വെയറിലുണ്ടായ തകരാറും ജീവനക്കാരുടെ കുറവുമാണ് പ്രസ്തുത കാലതാമസത്തിന്റെ കാരണമെന്ന് ഹാജരായ ഉദ്യോഗസ്ഥർ ബോധിപ്പിച്ചു.

നിലവിൽ നാല് വിജിലൻസ് കേസ്സുകൾ ഉണ്ടെന്നും, കെ.എസ്.ആർ.ടി.സി. കൈപ്പറ്റിയ വായ്പാ തുകയിൽ 121 കോടി രൂപ തിരികെ ലഭിക്കാനുണ്ടെന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 950 കോടി രൂപ ലഭിക്കുന്നുണ്ടെന്നും കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വായ്പയെടുത്ത 15 പേരിൽ നിന്നും തിരികെ ലഭിക്കാനുള്ള 61.33 കോടി രൂപയ്ക്കായി റവന്യൂ റിക്കവറി നടപടികൾ നടത്തിവരികയാണെന്നും, അവരിൽ നിന്ന് 15.46 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും സമിതിയുടെ അന്വേഷണങ്ങൾക്ക് ഹാജരായ ഉദ്യോഗസ്ഥർ മറുപടി നൽകി. കോർപ്പറേഷന് തിരികെ ലഭിക്കാനുള്ള തുക അടിയന്തരമായി പിരിച്ചെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്</u>

അക്കൗണ്ട്സ് തയ്യാറാക്കുന്നതിൽ വന്ന കാലവിളംബംമൂലം കമ്പനിക്ക് 38.22 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായും മുൻ വർഷങ്ങളിൽ ഉണ്ടായ സഞ്ചിത നഷ്ടമായ 9.38 കോടി രൂപ തുടർന്നുള്ള വർഷങ്ങളിലെ ലാഭത്തിൽ നിന്നും തട്ടിക്കിഴിച്ചതിനുശേഷം നികുതി കണക്കാക്കിയിരുന്നുവെങ്കിൽ പ്രസ്തുത നഷ്ടം ഒഴിവാക്കാമായിരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശം പരിശോധിക്കവെ അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് നിയമാനുസൃതം ഓഡിറ്റർമാരെ നിയമിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞു. കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രധാനമായും ചെയ്തുവരുന്നത് ഡ്രെഡ്ജിംഗാണെന്നും 2012-13 കാലയളവിലെ സർക്കാർ നിർദ്ദേശപ്രകാരം തുറമുഖ വകുപ്പ് കോസ്റ്റൽ ഷിപ്പിംഗ് പ്രോജക്ട് നടപ്പാക്കുന്നത് കമ്പനിയെ ഏൽപ്പിച്ചതായും ഡ്രെഡ്ജിംഗ് പണി കമ്പനിക്ക് ലാഭകരമാണെങ്കിലും കോസ്റ്റൽ ഷിപ്പിംഗിന്റെ അക്കൗണ്ട്സ് കൂടി ഉൾപ്പെടുത്തുമ്പോൾ നഷ്ടം സംഭവിക്കുമെന്നും, പ്രസ്തുത പദ്ധതി തുറമുഖ വകുപ്പിനുവേണ്ടി ചെയ്തതായതിനാൽ ഇതുമായി ബന്ധപ്പെട്ട അക്കൗണ്ട്സ് പ്രത്യേകം കണക്കാക്കണമെന്ന് ഓഡിറ്റിനുശേഷമാണ് മനസ്സിലായതെന്നും, ആയതിനാലാണ് ഒഴിവാക്കാമായിരുന്ന നികുതി വന്നതെന്നും, സി.ആന്റ് എ.ജി. യുടെ നിർദ്ദേശപ്രകാരം പ്രത്യേകം അക്കൗണ്ട്സ് തയ്യാറാക്കി നികുതിത്തുക അടച്ചതായും ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു.

കമ്പനിയുടെ വിവിധ വർഷങ്ങളിലെ നഷ്ടം ക്യാരി ഫോർവേഡ് ചെയ്ത് കൃത്യസമയത്ത് റിട്ടേൺ ഫയൽ ചെയ്യാതിരുന്നത് ആവശ്യത്തിന് ജീവനക്കാർ ഇല്ലാതിരുന്നതിനാലാണെന്നും, നിലവിലെ സാഹചര്യത്തിൽ ഈ പ്രവൃത്തി കൃത്യമായി ചെയ്യുന്നുണ്ടെന്നും അവർ തുടർന്ന് അറിയിച്ചു.

<u>കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്</u>

ആദായനികുതി റിട്ടേൺ കൃത്യ സമയത്ത് ഫയൽ ചെയ്യാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, 2013-14 സാമ്പത്തിക വർഷത്തിൽ കാലതാമസം വന്നിരുന്നുവെങ്കിലും കഴിഞ്ഞ രണ്ട് വർഷമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുകയും മുൻകൂറായി ഇൻകംടാക്സ് അടയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു.

കമ്പനി ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഭാവിയിൽ കാലതാമസം വരുത്തരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി.

കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

നികുതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി അടയ്ക്കുന്നതിനും കോർപ്പറേഷൻ 3,52,323 രൂപ സ്രോതസ്സിൽ നിന്നും പിടിച്ച നികുതിയായി (TDS) അടച്ചതായും 2011-12 അസെസ്സ്മെന്റ് വർഷത്തിൽ 1,52,30,238 രൂപ വരുമാന നികുതി അടച്ചതായും വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയത് സമിതി ശ്രദ്ധിച്ചു. ആദായ നികുതി യഥാസമയം അടയ്ക്കാത്തതുകൊണ്ട് 1 കോടിയിലധികം രൂപ അധികനികുതി അടയ്ക്കേണ്ടി വന്നതിന്റെ വിശദീകരണം സമിതി ആവശ്യപ്പെട്ടു.

2009-10-ൽ മലമ്പുഴ-ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റിംഗ് ജോലിയുടെ ഭാഗമായി കരാറുകാരന് 3.13 കോടി രൂപ നൽകിയതായും കോർപ്പറേഷൻ ഇൻകംടാക്സ് റൂൾസ് പ്രകാരം 2009-10-ലെ ആദായനികുതി സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി ചെലവായ തുകയ്ക്കുള്ള TDS കുറയ്ക്കാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത മൂന്ന് കോടി രൂപയുടെ പേമെന്റിന് ഇൻകംടാക്സ് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിക്കപ്പെട്ടില്ലെന്നും ഈ തുക വരുമാനമായി കണക്കാക്കി TDS അടയ്ക്കേണ്ടിവന്നതായും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത തുകയ്ക്ക് കൃത്യസമയത്ത് നികുതി അടയ്ക്കാതിരുന്നതുമൂലം 2010-11-ൽ 1.02 കോടി രൂപ കോർപ്പറേഷന് നികുതി അടയ്ക്കേണ്ടി വന്നതായും ഇത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

നികതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി അടയ്ക്കുന്ന കാര്യത്തിലും വീഴ്ചവരുത്തി കോർപ്പറേഷൻ കൃത്യവിലോപം കാട്ടിയെന്ന് വിമർശിച്ച സമിതി, ഇത്തരം വീഴ്ചയുണ്ടായതിന്റെ കാരണവും ആയത് പരിഹരിക്കുന്നതിന് കോർപ്പറേഷൻ സ്വീകരിച്ച നടപടികളും ആരാഞ്ഞു.

കോർപ്പറേഷൻ ജീവനക്കാരുടെ പരിചയക്കുറവ് ഒരു പ്രധാന കാരണമാണെന്നും എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർമാർക്ക് ഫിനാൻഷ്യൽ മാനേജ്മെന്റുമായി ബന്ധപ്പെട്ട സ്പെഷ്യൽ ട്രെയിനിംഗ് ക്ലാസ്സുകൾ ലഭിച്ചിട്ടുള്ളതിനാൽ കമ്പനിയുടെ നിലവിലെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നും വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കോർപ്പറേഷൻ ഫിനാൻഷ്യൽ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്നതിനായി വിദഗ്ധരായ അക്കൗണ്ടിംഗ് സ്റ്റാഫിനെ നിയോഗിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ആകെ 3 ജീവനക്കാർ മാത്രമാണ് കോർപ്പറേഷനിൽ ഉള്ളതെന്നും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതായും വ്യവസായ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

നികുതി റിട്ടേൺ കൃത്യമായി സമർപ്പിക്കുന്നതിൽ വീഴ്ച വരാതെ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

1. 1961-ലെ ആദായ നികുതി നിയമ പ്രകാരം, നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും, നികുതി അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ആയതിന് പലിശ നൽകേണ്ടി വരുമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കെ നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ കുറ്റകരമായ അനാസ്ഥ പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവർത്തിച്ചു വരുന്നതായി സമിതി നിരീക്ഷിക്കുന്നു.

2. നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി, നികുതികൾ യഥാസമയം കൃത്യതയോടെ അടയ്ക്കണമെന്നുള്ള കർശനനിർദ്ദേശം അതാത് ഭരണ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുന്നത് ഭാവിയിൽ ആവർത്തിക്കുന്ന പക്ഷം, നികുതി അടവിൽ വീഴ്ച വരുന്നതുമൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം, നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

3. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകാതിരിക്കുന്നതിനാലും ഔട്ട്ലെറ്റുകളിൽ നിന്ന് യഥാസമയം കണക്കുകൾ ലഭിക്കാത്തതിനാലും ലാഭം മുൻകൂറായി കണക്കാക്കാൻ കഴിയില്ലെന്നും ആയതിനാൽ കൃത്യമായി മുൻകൂർ നികുതിയും, ത്രൈമാസ നികുതിയും അടയ്ക്കാൻ കഴിയില്ലെന്നുമുള്ള കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. നികുതി അടവ് 1961-ലെ ആദായനികുതി നിയമ പ്രകാരം നിർബന്ധമായതിനാൽ, കമ്പനിയുടെ പരിമിതികളെ മറികടന്ന് ആദായനികുതി നിയമങ്ങൾ പാലിക്കേണ്ട ബാധ്യത കോർപ്പറേഷനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള

വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ അക്കൗണ്ടിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ സാമ്പത്തികവർഷത്തെയും ലാഭം കണക്കാക്കി മുൻകൂർ അടയ്ക്കേണ്ടുന്ന ആദായനികുതി നിശ്ചയിക്കുന്നതിലും ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിലും സംഭവിച്ച പോരായ്മകൾ പരിഹരിക്കുന്നതിന് അക്കൗണ്ടിംഗ് മേഖലയിൽ പ്രാവീണ്യമുള്ളവരെ നിയമിച്ച് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. മദ്യത്തിന്റെ വിലവർദ്ധന സ്ഥാപനത്തിന്റെ ലാഭത്തിൽ തട്ടിക്കിഴിക്കുന്നതിന് പകരം ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കാനുള്ള കോർപ്പറേഷന്റെ പ്രവണതയോട് സമിതി യോജിക്കുന്നില്ല. ആദായ നികുതി കൃത്യമായി അടയ്ക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് യഥാസമയം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അതിന്റെ ഫലമായി പിഴയടയ്ക്കേണ്ടിവരികയും ചെയ്തത് കമ്പനിയുടെ അക്കൗണ്ടിംഗ് വിഭാഗത്തിന്റെ പോരായ്മയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടുകൾ യഥാസമയം പൂർത്തീകരിച്ച് നികുതികൾ പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം വീഴ്ച വരാതെ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

6. 1961-ലെ ആദായനികുതി നിയമപ്രകാരം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവയുടെ അടവ് നടത്താത്തതിനാലാണ് പിഴ അടയ്ക്കേണ്ടിവന്നതെന്ന വസ്തുത കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് അംഗീകരിച്ചിട്ടില്ലെന്നാണ് സർക്കാർ സമിതിക്ക് നൽകിയ മറുപടിയിൽ നിന്ന് മനസ്സിലാക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച സമിതി, നിയമംമൂലം നിർബന്ധമായി അടയ്ക്കേണ്ട നികുതി അടയ്ക്കുന്നതിൽ ഉണ്ടായ വീഴ്ച അംഗീകരിച്ചു കൊണ്ടും ഭാവിയിൽ ഇത്തരം നിയമലംഘനം ആവർത്തിക്കില്ലെന്ന് ഉറപ്പുനൽകുകയും ചെയ്തുകൊണ്ടുള്ള മറുപടിയാണ് സമിതി മുമ്പാകെ സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നു.

7. കെ.എസ്.ആർ.ടി.സി.യുടെ ഫീഡർ കമ്പനിയായി രൂപീകരിക്കപ്പെട്ട കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് നിലവിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും ലോൺ കൊടുക്കുന്ന സ്ഥാപനമായി മാറിയിരിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി ഇത് ഒട്ടും അഭിലഷണീയമായ കാര്യമല്ലെന്ന് ഓർമ്മിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്ത 15 പേരിൽ നിന്നു തിരികെ ലഭിയ്ക്കാനുള്ള 61.33 കോടി രൂപയിൽ 15.46 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നാണ് സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ബാക്കി തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡിന് 2004-2005 മുതൽ 2007-2008 വരെയുള്ള കാലയളവിൽ ഉണ്ടായ ₹ 9.38 കോടിയുടെ സഞ്ചിത നഷ്ടം 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 72 പ്രകാരം 2012-2013, 2013-2014 വർഷങ്ങളിൽ കമ്പനിക്ക് ഉണ്ടായ ലാഭത്തിൽ തട്ടിക്കിഴിക്കാൻ യോഗ്യമായിരുന്നിട്ടും 2004-2005 മുതൽ 2007-2008 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിലുണ്ടായ കാലവിളംബംമൂലം വകുപ്പ് 72 പ്രകാരമുള്ള അവസരം പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരികയും അതുമൂലം ഒഴിവാക്കാമായിരുന്ന നികുതിയായ ₹ 38.22 ലക്ഷം കമ്പനി അടയ്ക്കേണ്ടി വന്നതായും സമിതി നിരീക്ഷിക്കുന്നു. അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കുന്നതിലുണ്ടായ വീഴ്ചയും, അക്കൗണ്ട്സ് വിഭാഗത്തിന്റെ കെടുകാര്യസ്ഥതയുമാണ് ഇതിന് കാരണമെന്ന് ചൂണ്ടിക്കാണിച്ച സമിതി, അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കി നികുതി റിട്ടേൺ സമർപ്പിക്കുന്നതിനും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിൽ കമ്പനി നിതാന്ത ജാഗ്രത പുലർത്തണമെന്നും, ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കണമെന്നും ശിപാർശ ചെയ്യുന്നു.

9. 2013-14 സാമ്പത്തികവർഷത്തിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന് കാലതാമസം വന്നിരുന്നുവെങ്കിലും, നിലവിൽ കമ്പനി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഭാവിയിൽ കാലതാമസം വരുത്തരുതെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നികുതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയെന്നു മാത്രമല്ല കരാറുകാരന് ജോലി നടത്തിപ്പിനായി നൽകിയ ₹ 3.13 കോടിയിൽ 1961-ലെ ആദായ നികുതി നിയമത്തിലെ 194 സി വകുപ്പുപ്രകാരം 2% നികുതി ഈടാക്കുന്നതിലുണ്ടായ വീഴ്ചയിലൂടെ ₹ 1.02 കോടിയുടെ നികുതി ബാധ്യത കമ്പനിക്ക് ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. നികുതി അടവ് നിയമംമൂലം നിർബന്ധമാക്കിയതാണെന്നും ഫണ്ടിന്റെ ലഭ്യതയെ ആശ്രയിച്ചല്ലായെന്നും ആയതിൽ വ്യതിയാനം വരുന്നത് ഇതിൽ ഒരു ഘടകമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ച സമിതി നികുതി കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നേടിയതോ അനുഭവജ്ഞാനമുള്ളവരോ ആയ ഉദ്യോഗസ്ഥരുടെ അഭാവവും ധനാഗമനത്തിൽ വന്ന തീവ്രമായ കുറവും കൊണ്ടാണ് നികുതി കണക്കാക്കുന്നതിലും അടയ്ക്കുന്നതിലും വീഴ്ച വന്നതെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും, സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വിദഗ്ധരായ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കമ്പനിയുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തി കൃത്യമായി നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സി. ദിവാകരൻ,
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 ഡിസംബർ 23.

<u>അനുബന്ധം 1</u>

**സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | നികുതി, ഗതാഗതം, വിനോദസഞ്ചാരം, വ്യവസായം, മത്സ്യബന്ധനവും തുറമുഖവും, ഭക്ഷ്യപൊതുവിതരണം | 1961-ലെ ആദായ നികുതി നിയമ പ്രകാരം, നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും, നികുതി അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ആയതിന് പലിശ നൽകേണ്ടി വരുമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കെ നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ കുറ്റകരമായ അനാസ്ഥ പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവർത്തിച്ചു വരുന്നതായി സമിതി നിരീക്ഷിക്കുന്നു. |
| 2 | 2 | നികുതി, ഗതാഗതം, വിനോദസഞ്ചാരം, വ്യവസായം, മത്സ്യബന്ധനവും തുറമുഖവും, ഭക്ഷ്യപൊതുവിതരണം | നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി, നികുതികൾ യഥാസമയം കൃത്യതയോടെ അടയ്ക്കണമെന്നുള്ള കർശനനിർദ്ദേശം അതാത് ഭരണ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുന്നത് ഭാവിയിൽ ആവർത്തിക്കുന്ന പക്ഷം, നികുതി അടവിൽ വീഴ്ച വരുന്നതുമൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം, നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 3 | നികുതി | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകാതിരിക്കുന്നതിനാലും ഔട്ട്‌ലെറ്റുകളിൽ നിന്ന് യഥാസമയം കണക്കുകൾ ലഭിക്കാത്തതിനാലും ലാഭം മുൻകൂറായി കണക്കാക്കാൻ കഴിയില്ലെന്നും ആയതിനാൽ കൃത്യമായി മുൻകൂർ നികുതിയും, ത്രൈമാസ നികുതിയും അടയ്ക്കാൻ കഴിയില്ലെന്നുമുള്ള കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. നികുതി അടവ് 1961-ലെ ആദായനികുതി നിയമ പ്രകാരം നിർബന്ധമായതിനാൽ, കമ്പനിയുടെ പരിമിതികളെ |

| | | | |
|---|---|---|---|
| | | | മറികടന്ന് ആദായനികുതി നിയമങ്ങൾ പാലിക്കേണ്ട ബാധ്യത കോർപ്പറേഷനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ അക്കൗണ്ടിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ സാമ്പത്തികവർഷത്തെയും ലാഭം കണക്കാക്കി മുൻകൂർ അടയ്ക്കേണ്ടുന്ന ആദായനികുതി നിശ്ചയിക്കുന്നതിലും ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിലും സംഭവിച്ച പോരായ്മകൾ പരിഹരിക്കുന്നതിന് അക്കൗണ്ടിംഗ് മേഖലയിൽ പ്രാവീണ്യമുള്ളവരെ നിയമിച്ച് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 4 | നികുതി | മദ്യത്തിന്റെ വിലവർദ്ധന സ്ഥാപനത്തിന്റെ ലാഭത്തിൽ തട്ടിക്കിഴിക്കുന്നതിനു പകരം ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കാനുള്ള കോർപ്പറേഷന്റെ പ്രവണതയോട് സമിതി യോജിക്കുന്നില്ല. ആദായ നികുതി കൃത്യമായി അടയ്ക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 5 | 5 | ഭക്ഷ്യപൊതുവിതരണം | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് യഥാസമയം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അതിന്റെ ഫലമായി പിഴയടയ്ക്കേണ്ടിവരികയും ചെയ്തത് കമ്പനിയുടെ അക്കൗണ്ടിംഗ് വിഭാഗത്തിന്റെ പോരായ്മയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടുകൾ യഥാസമയം പൂർത്തീകരിച്ച് നികുതികൾ പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം വീഴ്ച വരാതെ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 6 | 6 | ഭക്ഷ്യപൊതുവിതരണം | 1961-ലെ ആദായനികുതി നിയമപ്രകാരം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവയുടെ അടവ് നടത്താത്തതിനാലാണ് പിഴ അടയ്ക്കേണ്ടിവന്നതെന്ന വസ്തുത കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് അംഗീകരിച്ചിട്ടില്ലെന്നാണ് സർക്കാർ സമിതിക്ക് നൽകിയ മറുപടിയിൽ നിന്ന് മനസ്സിലാക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച സമിതി, നിയമം മൂലം നിർബന്ധമായി അടയ്ക്കേണ്ട നികുതി |

| | | | |
|---|---|---|---|
| | | | അടയ്ക്കുന്നതിൽ ഉണ്ടായ വീഴ്ച അംഗീകരിച്ചുകൊണ്ടും ഭാവിയിൽ ഇത്തരം നിയമലംഘനം ആവർത്തിക്കില്ലെന്ന് ഉറപ്പുനൽകുകയും ചെയ്യുകൊണ്ടുള്ള മറുപടിയാണ് സമിതി മുമ്പാകെ സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നു. |
| 7 | 7 | ഗതാഗതം | കെ.എസ്.ആർ.ടി.സി.യുടെ ഫീഡർ കമ്പനിയായി രൂപീകരിക്കപ്പെട്ട കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് നിലവിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും ലോൺ കൊടുക്കുന്ന സ്ഥാപനമായി മാറിയിരിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി ഇത് ഒട്ടും അഭിലഷണീയമായ കാര്യമല്ലെന്ന് ഓർമ്മിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്ത 15 പേരിൽ നിന്നു തിരികെ ലഭിയ്ക്കാനുള്ള 61.33 കോടി രൂപയിൽ 15.46 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നാണ് സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ബാക്കി തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 8 | മത്സ്യബന്ധനവും തുറമുഖവും | കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡിന് 2004-2005 മുതൽ 2007-2008 വരെയുള്ള കാലയളവിൽ ഉണ്ടായ ₹ 9.38 കോടിയുടെ സഞ്ചിതനഷ്ടം 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 72 പ്രകാരം 2012-2013, 2013-2014 വർഷങ്ങളിൽ കമ്പനിക്ക് ഉണ്ടായ ലാഭത്തിൽ തട്ടിക്കിഴിക്കാൻ യോഗ്യമായിരുന്നിട്ടും 2004-2005 മുതൽ 2007-2008 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിലുണ്ടായ കാലവിളംബംമൂലം വകുപ്പ് 72 പ്രകാരമുള്ള അവസരം പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരികയും അതുമൂലം ഒഴിവാക്കാമായിരുന്ന നികുതിയായ ₹ 38.22 ലക്ഷം കമ്പനി അടയ്ക്കേണ്ടി വന്നതായും സമിതി നിരീക്ഷിക്കുന്നു. അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കുന്നതിലുണ്ടായ വീഴ്ചയും, അക്കൗണ്ട്സ് വിഭാഗത്തിന്റെ കെടുകാര്യസ്ഥതയുമാണ് ഇതിന് കാരണമെന്ന് ചൂണ്ടിക്കാണിച്ച സമിതി, അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കി നികുതി റിട്ടേൺ സമർപ്പിക്കുന്നതിനും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിൽ കമ്പനി നിതാന്ത ജാഗ്രത പുലർത്തണമെന്നും, ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കണമെന്നും ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 9 | 9 | വ്യവസായം | 2013-14 സാമ്പത്തികവർഷത്തിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന് കാലതാമസം വന്നിരുന്നുവെങ്കിലും, നിലവിൽ കമ്പനി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഭാവിയിൽ കാലതാമസം വരുത്തരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 10 | വ്യവസായം | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നികുതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയെന്നു മാത്രമല്ല കരാറുകാരന് ജോലി നടത്തിപ്പിനായി നൽകിയ ₹ 3.13 കോടിയിൽ 1961-ലെ ആദായ നികുതി നിയമത്തിലെ 194 സി വകുപ്പുപ്രകാരം 2% നികുതി ഈടാക്കുന്നതിലുണ്ടായ വീഴ്ചയിലൂടെ ₹ 1.02 കോടിയുടെ നികുതി ബാധ്യത കമ്പനിക്ക് ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. നികുതി അടവ് നിയമംമൂലം നിർബന്ധമാക്കിയതാണെന്നും ഫണ്ടിന്റെ ലഭ്യതയെ ആശ്രയിച്ചല്ലായെന്നും ആയതിൽ വ്യതിയാനം വരുന്നത് ഇതിൽ ഒരു ഘടകമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ച സമിതി നികുതി കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നേടിയതോ അനുഭവജ്ഞാനമുള്ളവരോ ആയ ഉദ്യോഗസ്ഥരുടെ അഭാവവും ധനാഗമനത്തിൽ വന്ന തീവ്രമായ കുറവും കൊണ്ടാണ് നികുതി കണക്കാക്കുന്നതിലും അടയ്ക്കുന്നതിലും വീഴ്ച വന്നതെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വിദഗ്ധരായ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കമ്പനിയുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തി കൃത്യമായി നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം 2

## 1. BEVERAGES CORPORATION

NOTES FROM THE DEPARTMENT RECEIVED ON 15-10-2016